
ജീവിതം ധന്യവും പുതിയതും

# റിവൈവ്

വാല്യം 12, ലക്കം 5 | മെയ് 2019 | ഹെബ്രോൻ, കുമ്പനാട്, കേരള | www.revivemegod.org



# വേദപുസ്തക ധാർമ്മികത പ്രതിസന്ധിയിൽ



**Pastor Dr. T. Valson Abraham**

*Founder / President*
India Gospel Outreach
*President*
India Bible College and Seminary

## ധാർമ്മികത വേദപുസ്തക വെളിച്ചത്തിൽ

**ദീർഘവർഷങ്ങളിലെ** വിഗ്രഹാരാധനക്കു ശേഷം യോശീയാവ് യിസ്രായേൽ രാജാവായതിനെക്കുറിച്ച് രാജാക്കൻമാരുടെ പുസ്തകം 22-ാം അധ്യായത്തിൽ നാം കാണുന്നു. ഒരിക്കൽ ദൈവമഹത്വം നിറഞ്ഞിരുന്ന ശലോമോന്റെ ദേവാലയത്തിൽ പോലും ജാതീയ വിഗ്രഹങ്ങൾ പ്രതിഷ്ഠിക്കപ്പെട്ടിരുന്ന ഒരു കാലമാണ് തനിക്ക് മുൻപ് ഉണ്ടായിരുന്നത്. യോശീയാവ് രാജാവായ ശേഷം ഒരു ദിവസം മഹാപുരോഹിതനായ ഹിൽക്കിയാവ്, ദേവാലയത്തിൽ വിശുദ്ധ തിരുവെഴുത്തുകൾ കണ്ടെത്തുകയുണ്ടായി. അനേക വർഷങ്ങളായി മറഞ്ഞു കിടന്നതും തിരസ്കരിക്കപ്പെട്ടിരുന്നതുമായ തിരുവെഴുത്ത്. ഈ കണ്ടുപിടുത്തം വലിയ ഒരു ഉണർവ്വിലേക്ക് യിസ്രായേലിനെ അന്നു

**യേശുക്രിസ്തുവിന്റെ സുവിശേഷത്തിലുള്ള ശരിയായ വിശ്വാസം ഉണ്ടാക്കുന്ന വലിയ മാറ്റത്തിന്റെ സ്വാധീനം മനസ്സിലാക്കുന്ന സാത്താൻ മനുഷ്യർ ശരിയായ സുവിശേഷം വിശ്വസിക്കാതിരിക്കാൻ ഇന്ന് വളരെ തന്ത്രപൂർവ്വം പ്രവർത്തിക്കുന്നു. അപ്രസക്ത കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ നൽകി വലിയ തർക്കങ്ങളും ഭിന്നതകളും ക്രിസ്തീയ സഭയിൽ ഉണ്ടാക്കി സുവിശേഷത്തിന്റെ ശക്തി കെടുത്തി കളയുവാനാണ് സാത്താൻ ശ്രമിക്കുന്നത്.**

നയിച്ചു. വിഗ്രഹാരാധന അവർ ഉപേക്ഷിക്കുകയും ജീവിക്കുന്ന സത്യ ദൈവത്തിലേയ്ക്ക് മടങ്ങി വരികയും ചെയ്തു.

## ഈ ചരിത്ര സംഭവം ഇന്ന് നമ്മുടെ കാലത്ത് എങ്ങനെ പ്രസക്തമായിരിക്കുന്നു?

നമ്മുടെ സംസ്കാരം വളരെ അധഃപതനത്തിലാണ് എന്ന കാര്യത്തിൽ നമുക്ക് ആർക്കും തന്നെ വലിയ സംശയമില്ല. യിസ്രായേൽ എന്ന പോലെ നമ്മുടെ ഇന്നത്തെ സമൂഹം ആധുനിക വിഗ്രഹങ്ങളായ പണം, ലൈംഗീകത, അധികാരം എന്നീ വിഗ്രഹങ്ങൾക്ക് അടിമപ്പെട്ടിരിക്കുന്നു. ഇന്റർനെറ്റ്, സിനിമ, സ്പോർട്ട്സ് എന്നിവയോടുള്ള അതിരുവിട്ട അഭിനിവേശം ഇന്ന് നമ്മുടെ സമൂഹത്തിൽ വളരെ ദൃശ്യമാണ്. നമ്മുടെ സഭയിൽ തന്നെ യുവാക്കൾ എണ്ണമറ്റ പ്രലോഭനങ്ങൾക്ക് വിധേയരാണ്. വേദപുസ്തക പഠിപ്പിക്കലുകൾ മറന്നിരിക്കുകയാണ്. സ്വന്തം കണ്ണുകൾക്ക് ഇമ്പമെന്ന് തോന്നുന്നത് എല്ലാവരും ചെയ്യുന്നു.

''ക്രിസ്തീയ മൂല്യത്തിൽ'' അടിസ്ഥാനപ്പെട്ട ഒരു സമൂഹത്തെ ഇന്ന് പല ക്രിസ്ത്യാനികളും സ്വപ്നം കാണുന്നു. പുതുതലമുറ ക്രിസ്തുവിനെതിരെ അവരുടെ ഹൃദയം കഠിനമാക്കിയിരിക്കുകയാണോ എന്ന് പഴയ തലമുറ ആശ്ചര്യപ്പെടുന്നു.

വേദപുസ്തക മൂല്യങ്ങൾക്കായി ആഗ്രഹിക്കുന്ന എന്റെ സഹവിശ്വാസികളോട് എനിക്ക് അനുകമ്പയുണ്ട്. പക്ഷേ, തുടർച്ചയായി ''വേദപുസ്തക മൂല്യങ്ങൾ'' എന്ന് പറഞ്ഞു ഊന്നൽ കൊടുക്കുമ്പോൾ നാം ന്യായപ്രമാണത്തിലേക്ക് മടങ്ങുവാൻ ഉപദേശിക്കുന്നതിനു തുല്യമാണ്. ന്യായപ്രമാണത്തെ നാം കൂടുതൽ ഊന്നിയാൽ അത് പാപത്തെ കൂടുതൽ ഉത്തേജിപ്പിക്കും എന്ന് പൗലോസ് റോമാ ലേഖനത്തിൽ ചൂണ്ടിക്കാണിക്കുന്നു (റോമ. 7:5). അതുകൊണ്ട്, ''വേദപുസ്തക മൂല്യങ്ങൾ'' എന്ന് നാം സ്ഥിരമായി ആവർത്തിക്കുമ്പോൾ, അതിനോട് ഒരുതരം നിഷേധാത്മകമായ ഒരു പ്രതികരണം ഉണ്ടാകാൻ ഇടയുണ്ട്.

തെറ്റ് ചെയ്യുന്നവനെ ശിക്ഷിക്കുന്ന ദൈവം എന്ന നിലയിലുള്ള അവതരണത്തോട് പൊതുവെ സഭാംഗങ്ങൾക്കു പോലും ഒരുതരം വികർഷണമാണ് ഉള്ളത്. ഒരളവിൽ നാം എല്ലാവരും ദൈവമുൻപാകെ പാപികളും അതിന്റെ ശിക്ഷ നരകവുമാണെന്ന് എല്ലാവർക്കും അറിവുണ്ട്. പക്ഷേ, ക്രിസ്തീയ പ്രസംഗകർ എപ്പോഴും ധാർമ്മിക നിയമങ്ങൾ പ്രസംഗിച്ചാൽ അവിശ്വാസികളിൽ ഉൾപ്പെടെ നാം ''അന്യരെ വിധിക്കുന്ന ആളുകളാണ്'' എന്നൊരു ധാരണ ഉണ്ടാകാൻ ഇടയാക്കും.

ഇതിന് എന്താണ് ഒരു പരിഹാരം? വേദപുസ്തക മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു സമൂഹത്തെ എങ്ങനെ വാർത്തെടുക്കാം? ഒരു വലിയ ധാർമ്മിക പ്രസ്ഥാനം ആരംഭിക്കണോ? വേദപുസ്തക ധാർമ്മികതയിലേക്ക് രാഷ്ട്രത്തെ നയിക്കാൻ നമ്മൾ തെരുവിലിറങ്ങണോ?

അമേരിക്കൻ പാസ്റ്ററും എഴുത്തുകാരനുമായ മാർക്ക് ഗാലി പറഞ്ഞു: ''ശരിയായി ജീവിക്കുക എന്നതിനേക്കാൾ ദൈവത്തോടുകൂടെ ആയിരിക്കുക എന്നതാണ് ബൈബിൾ പറയുന്നത്.'' മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഒരു കൂട്ടം നിയമങ്ങളുടെ പട്ടിക ഇല്ലാതെ തന്നെ നമുക്ക് എങ്ങനെ ദൈവവുമായി നല്ല ബന്ധത്തിൽ ജീവിക്കുവാൻ കഴിയും? അതാണ് ഒടുവിൽ നിയമ കാർക്കശ്യതകളിലേക്കും കടപഭക്തിയിലേക്കും നയിക്കുന്നത്. ക്രിസ്തു വിശ്വാസികളെക്കുറിച്ച് 'മറ്റുള്ളവരെ വിധിക്കുന്നവർ' എന്ന് ജനങ്ങൾ ചിന്തിക്കുന്നെങ്കിൽ ആ ക്രൈസ്തവലോകം യഥാർത്ഥത്തിൽ സുവിശേഷം കേൾക്കുന്നുണ്ടോ എന്ന ഗൗരവമായ ചോദ്യം നാം ചോദിക്കേണ്ടതാണ്.

പൗലൂസും അപ്പോസ്തലന്മാരും പ്രസംഗിച്ച സുവിശേഷം മറ്റുള്ളവർ കേട്ടത് മനുഷ്യരിൽ സുവിശേഷം വരുത്തിയ രൂപാന്തരം അവർ കണ്ടതുകൊണ്ടാണ്. മുപ്പതു വർഷങ്ങൾക്കുള്ളിൽ യെരുശലേമിലെ ചുരുക്കം അനുയായികളിൽ നിന്നും ഏഷ്യാമൈനറും യൂറോപ്പു ഭൂഖണ്ഡവും മുഴുവൻ സുവിശേഷം നിറഞ്ഞത് ഇതുകൊണ്ടായിരുന്നു. യേശു ജനിച്ചതും ജീവിച്ചതും ഏഷ്യയിൽ ആയിരുന്നു. എന്നാൽ എന്തുകൊണ്ട് ഇന്നും ഏഷ്യയിലെ ജനങ്ങൾ പൂർണ്ണമായും യേശുവിനെ കൈക്കൊണ്ടിട്ടില്ല?അതിന് നിരവധി സങ്കീർണ്ണ കാരണങ്ങളുണ്ട്. മിക്ക സുവിശേഷ വിഹിത സഭകളും വേദപുസ്തക അടിസ്ഥാനത്തിലുള്ള സുവിശേഷത്തിൽ ഇന്ന് മായം കലർത്തിയിരിക്കുന്നു എന്നതാണ്.

നാം എങ്ങനെയാണ് സുവിശേഷത്തിൽ മായം കലർത്തുന്നത്? ഈ ലേഖനത്തിൽ അതിന് ഉത്തരമായി ചെറിയ ഒരു സൂചന മാത്രമേ നൽകുവാൻ കഴിയുകയുള്ളൂ. എന്നാൽ നാം ദൈവമുമ്പാകെ നമ്മെ തന്നെ ആത്മാർത്ഥമായി പരിശോധിക്കേണ്ടിയിരിക്കുന്നു.

'ജീസസ് മിഷൻ' എന്ന തന്റെ പുസ്തകത്തിൽ സ്റ്റീവൻ കെ. സ്കോട്ട് 1900 പ്രത്യേക പ്രയോഗങ്ങൾ യേശു ചെയ്ത അസാദ്ധ്യ പ്രവൃത്തികളെക്കുറിച്ച് നടത്തിയിരിക്കുന്നത് നാം പ്രത്യേകം കുറിച്ചുകൊള്ളേണ്ടിയിരിക്കുന്നു. ഇവയാണ് സുവിശേഷത്തിൽ ഉള്ളടങ്ങിയിരിക്കുന്നത്. നമ്മുടെ കുടുംബങ്ങളെ രൂപാന്തരപ്പെടുത്തുവാൻ അവയ്ക്ക് കഴിയും. ഇവ യേശുവിന്റെ ജീവിതത്തിലും ക്രൂശിലും ഉയർത്തെഴുന്നേൽപ്പിലും കൂടെ ഉറപ്പിക്കപ്പെട്ടവയാണ്. പരിശുദ്ധാത്മ ശക്തിയാൽ നയിക്കപ്പെട്ടവർക്കുവേണ്ടി യേശു ചെയ്തതെല്ലാം ചെയ്യുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. യേശു എന്താണ് ചെയ്തത് എന്ന് നാം മനസ്സിലാക്കുമ്പോൾ അവ എങ്ങനെ നാമും ചെയ്യണം എന്ന വിഷയം ഉത്ഭവിക്കുന്നു.

ചുറ്റുമുള്ള ലോകം ദൈവം നമ്മിലൂടെ പ്രവർത്തിക്കുന്നതു കാണുമ്പോൾ അവരും നാം അനുഭവിക്കുന്നത് അനുഭവിക്കുവാൻ ആഗ്രഹിക്കും. നാം നല്ലവരായതു കൊണ്ടല്ല, നല്ല ജീവിതം നയിക്കാൻ നമ്മെ സഹായിക്കുന്ന യേശുവിനെ അവർ നല്ലവനും കൃപയുള്ളവനുമായി മനസ്സിലാക്കുന്നതു കൊണ്ടാണ്.

യേശുക്രിസ്തുവിന്റെ സുവിശേഷത്തിലുള്ള ശരിയായ വിശ്വാസം ഉണ്ടാക്കുന്ന വലിയ മാറ്റത്തിന്റെ സ്വാധീനം മനസ്സിലാക്കുന്ന സാത്താൻ മനുഷ്യർ ശരിയായ സുവിശേഷം വിശ്വസിക്കാതിരിക്കാൻ ഇന്ന് വളരെ തന്ത്രപൂർവ്വം പ്രവർത്തിക്കുന്നു. അപ്രസക്ത കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ നൽകി വലിയ തർക്കങ്ങളും ഭിന്നതകളും ക്രിസ്തീയ സഭയിൽ ഉണ്ടാക്കി സുവിശേഷത്തിന്റെ ശക്തി കെടുത്തി കളയുവാനാണ് സാത്താൻ ശ്രമിക്കുന്നത്.

യേശുക്രിസ്തു പൂർത്തീകരിച്ച അസാധാരണ ദൗത്യങ്ങൾ തുടർച്ചയായി പ്രസംഗിക്കുന്ന എത്ര സുവിശേഷ വിഹിത സഭകൾ ഇന്നുണ്ട്? ഇവ ജീവിതത്തിൽ പ്രായോഗികമാക്കിക്കൊണ്ട് സുവിശേഷം അറിയിക്കുന്ന എത്രപേർ നമ്മുടെ സഭകളിൽ ഇന്നുണ്ട്?

## മായം കലർത്തപ്പെട്ട സുവിശേഷം ശക്തിരഹിതമാണ്

ശക്തിരഹിതമായ സുവിശേഷത്തിന് വ്യക്തികളെയോ സമൂഹത്തെയോ മാറ്റുവാൻ കഴിയുകയില്ല. ശക്തിരഹിത സുവിശേഷം ആരെയും ആകർഷിക്കുകയില്ല. ക്രിസ്തീയ വിശ്വാസികളെ പോലും അത് ആകർഷിക്കുകയില്ല.


സുവിശേഷത്തിനു വേണ്ടി ജീവിതം ഹോമിച്ച വ്യക്തിയാണ് പൗലൂസ്. താൻ പറഞ്ഞു, ''സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല.'' സ്വന്തം ജീവൻ പോലും നൽകത്തക്കവിധം തന്നെ സ്വാധീനിച്ചത് സുവിശേഷത്തിലെ ഏതു കാര്യമാണ്? എന്നാൽ സുവിശേഷത്തെക്കുറിച്ച് ഇപ്രകാരം പറയുന്നവാൻ എന്തുകൊണ്ട് നമ്മുടെ തലമുറയിലെ ക്രിസ്ത്യാനികൾ മടിക്കുന്നു?

ഈ കാലത്ത് വേദപുസ്തക ധാർമ്മികതയെക്കുറിച്ച് നാം വളരെയൊന്നും വിലപിക്കാതെ നമ്മുടെ സഭകൾക്കുള്ളിൽ തന്നെ യഥാർത്ഥ സുവിശേഷത്തിന് വന്നിരിക്കുന്ന നഷ്ടം നാം മനസ്സിലാക്കുക. സുവിശേഷത്തിന്റെ തനിമ നഷ്ടപ്പെട്ടതോർത്ത് നമുക്ക് വിലപിക്കാം. സുവിശേഷത്തിൽ ശത്രു കൊണ്ടുവന്നിരിക്കുന്ന മാറ്റങ്ങൾ നമുക്ക് വിലയിരുത്താം. യഥാർത്ഥ സുവിശേഷത്തിലേക്ക് നമുക്ക് മടങ്ങിവരാം.

യേശുക്രിസ്തു പഠിപ്പിച്ച പൂർണ്ണസുവിശേഷം നാം അന്വേഷിക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യുമ്പോൾ നാം യഥാർത്ഥ ഉണർവ്വ് അനുഭവിക്കും. പൗലൂസിന്റെ തലമുറയിലെ വിശ്വാസികളെപ്പോലെ നാം വീണ്ടും സമൂഹത്തെ സ്വാധീനിക്കുന്നവരായി തീരും! മുഴു ഇന്ത്യയിലേക്കും അതിനപ്പുറവും സുവിശേഷം വ്യാപിക്കും. അപ്പോൾ വേദപുസ്തക മൂല്യങ്ങൾ പാലിക്കപ്പെടും..

**പ്രാർത്ഥന:** പിതാവായ ദൈവമെ, അങ്ങയുടെ പുത്രനായ യേശുവിന്റെ നല്ല സ്ഥാനാപതികളായി ഞങ്ങൾ സുവിശേഷത്തിന് സാക്ഷ്യം വഹിക്കാതിരുന്നതിന് ഞങ്ങളോട് ക്ഷമിക്കേണമേ. അങ്ങ് ആഗ്രഹിക്കുന്നതു പോലെ സുവിശേഷത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട് ജീവിക്കുവാൻ ഞങ്ങളെ സഹായിക്കേണമെ. അങ്ങനെ ഈ ലോകത്തിൽ എനിക്കു ചുറ്റുമുള്ള സമൂഹത്തിൽ അങ്ങയുടെ ശക്തിയുള്ള സാക്ഷിയായി എന്നെ തീർക്കേണമേ. ***ആമേൻ.*** ●

FIRST TIME IN ENGLISH !
AUTOBIOGRAPHY OF
PASTOR K. E. ABRAHAM




Special Price
Rs. 800

Rare photos
17.5 x 24 cm Size
448 pages
Hardcase binding
Price : Rs. 1000

Available at : IBC and Seminary Office, *revive* Office, K. E. A. F. Book Depot Kumbanad ▪ IGO Campus, Kozhimala


# ഡാർജിലിംഗ് ബൈബിൾ ട്രെയിനിംഗ് സെന്റർ
## സൊനാഡാ, ഡാർജിലിംഗ്

വടക്കുകിഴക്കൻ ഇന്ത്യയിലെ നേപ്പാളി ഭാഷക്കാരുടെ ഇടയിൽ പ്രവർത്തിക്കാൻ ദൈവം തങ്ങളെ വിളിച്ചിരിക്കുന്നു എന്ന പൂർണ്ണ ബോദ്ധ്യത്തോടെയാണ് പ്രദീപ് കുമാറും മോൺഡ്സൺ ലോഥായും 2006-ൽ ഇന്ത്യാ ബൈബിൾ കോളജ് & സെമിനാരിയിൽ നിന്നും ഗ്രാഡുവേറ്റ് ചെയ്തത്.

ഗ്രാഡുവേഷനെ തുടർന്ന് പ്രദീപ് കുമാറിനെയും മോഡ്സനെയും ലുധിയാനയിലുള്ള നേപ്പാളി ഭാഷക്കാരുടെയിടയിലെ പ്രവർത്തനങ്ങൾക്ക് അയച്ചു. തുടർന്ന് 2007 ഏപ്രിലിൽ ഡാർജിലിംഗിലുള്ള നേപ്പാളി ഭാഷക്കാരുടെ ഇടയിൽ തികച്ചും അന്യനാട്ടുകാരായ ഇവർ, ആ ജനത്തിനിടയിൽ താമസിച്ച് അവരുമായി നല്ല ബന്ധങ്ങൾ സ്ഥാപിച്ച് പ്രവർത്തിച്ചു. അവരുടെ പ്രവർത്തനഫലമായി ഡാർജിലിംഗ് ക്രിസ്ത്യൻ അസംബ്ലി (DCA) ആരംഭിക്കുവാൻ ഇടയായി. 2008 ആഗസ്റ്റ് 8ന് ഈ സഭ ഔദ്യോഗികമായി പാസ്റ്റർ ഡോ. റ്റി. വത്സൻ ഏബ്രഹാം സമർപ്പിച്ചു പ്രാർത്ഥിച്ചു ഉദ്ഘാടനം ചെയ്തു.

പുതുതായി വിശ്വാസത്തിൽ വന്നവരെ സുവിശേഷവേലയ്ക്കായി ഒരുക്കേണ്ടതിന് ഒരു വേദപരിശീലന കേന്ദ്രം ആരംഭിക്കേണ്ടത് അത്യാവശ്യമായി തീർന്നു. പ്രദീപും മോൺഡ്സണും തങ്ങളുടെ ഈ ദർശനം






DARJEELING BIBLE TRAINING CENTER
Affiliated to INDIA BIBLE COLLEGE & SEMINARY













Vol. 12, Issue No. 5, May 2019


ഇന്ത്യാ ഗോസ്പൽ ഔട്ട്റീച്ചിന്റെയും ഇന്ത്യാ ബൈബിൾ കോളജ് & സെമിനാരിയുടെയും പ്രസിഡന്റ് പാസ്റ്റർ ഡോ. റ്റി. വത്സൻ ഏബ്രഹാമുമായി പങ്കുവച്ചു.

2010-ൽ 29 വിദ്യാർത്ഥികളുമായി ഡാർജിലിംഗ് ബൈബിൾ ട്രയിനിംഗ് സെന്റർ രൂപീകരിച്ചു. കഴിഞ്ഞ ഒൻപതു വർഷങ്ങൾക്കിടയിൽ 162 യുവതീയുവാക്കൾ ഈ സ്ഥാപനത്തിൽ നിന്നും പരിശീലനം പ്രാപിച്ച് പ്രവർത്തനത്തിനായി പോയി. ഇവർ ഡാർജിലിംഗ്, സിക്കിം അയൽരാജ്യങ്ങളായ നേപ്പാൾ, ഭൂട്ടാൻ തുടങ്ങിയ പ്രദേശങ്ങളിലുള്ളവരാണ്.

ഈ പ്രവർത്തനങ്ങൾക്ക് സ്ഥിരമായ കെട്ടിട സൗകര്യങ്ങൾ ലഭിക്കേണ്ടത് അത്യാവശ്യമായിരുന്നതിനാൽ ഇന്ന് ഡാർജിലിംഗിൽ വളരെ മനോഹരമായ സൗകര്യങ്ങൾ ഒരുക്കപ്പെടുകയും ചെയ്തു.

2019 മാർച്ച് 19-ന് ഡാർജിലിംഗ് ബൈബിൾ ട്രെയിനിംഗ് സെന്ററിന്റെ ഉദ്ഘാടനം പാസ്റ്റർ ഡെന്നീസ് ഗാലഹർ നിർവ്വഹിച്ചു. ഉദ്ഘാടനം സന്ദേശം പാസ്റ്റർ ഡോ. റ്റി. വത്സൻ ഏബ്രഹാം നൽകി.













## ആശംസകൾ



























Vol. 12, Issue No. 5, May 2019


# ദൈവശാസ്ത്രവും ധർമ്മശാസ്ത്രവും

## ഒരു മുഖവുര





**ഡോ. ഡൊമനിക് മാർബാനിയാംഗ്**

സെൻട്രൽ ഇന്ത്യാ ഔട്ട്റീച്ച്/ഗ്ലോബൽ നെറ്റ്വർക്ക്, പെന്തെക്കോസ്തൽ ചർച്ച് ഓഫ് ഇറ്റാർസി പാസ്റ്ററായി പ്രവർത്തിക്കുന്നു. സെൻട്രൽ ഇന്ത്യാ തിയോളജിക്കൽ സെമിനാരിയിലെ ഡീനും പ്രൊഫസറുമാണ്.

**ക്രിസ്തീയ** ധർമ്മശാസ്ത്രം വേദപുസ്തക വെളിപ്പാടിലും ദൈവസ്നേഹം എന്ന വിശിഷ്ട തത്വത്തിലും അടിസ്ഥാനപ്പെട്ടതാണ്. റോമർ 13:8-10ൽ പൗലൂസ് ഇത് കൃത്യമായി സ്ഥാപിക്കുന്നു.

“അന്യോന്യം സ്നേഹിക്കുന്നതു അല്ലാതെ ആരോടും ഒന്നും കടമ്പെട്ടിരിക്കരുത് അന്യനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിവർത്തിച്ചിരിക്കുന്നുവല്ലോ. വ്യഭിചാരം ചെയ്യരുത്, കുല ചെയ്യരുത്, മോഷ്ടിക്കരുത്, മോഹിക്കരുത് എന്നുള്ളതും മറ്റ് ഏതു കല്പനയും കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്ക എന്നീ വചനത്തിൽ സംക്ഷേപിച്ചിരിക്കുന്നു. സ്നേഹം കൂട്ടുകാരന് ദോഷം പ്രവർത്തിക്കുന്നില്ല; ആകയാൽ സ്നേഹം ന്യായപ്രമാണത്തിന്റെ നിവൃത്തി തന്നേ.”

ക്രിസ്തീയ ധർമ്മശാസ്ത്രത്തിന്റെ അന്തസത്ത ക്രിസ്തീയ സ്നേഹമാണ്. 1 കൊരിന്ത്യർ 13:13-ൽ പറഞ്ഞിരിക്കുന്ന മൂന്നു വിശിഷ്ട ഗുണങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായത് സ്നേഹമാണ്.

“ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനിൽക്കുന്നു. ഇവയിൽ വലിയതോ സ്നേഹം തന്നെ.”

### ധർമ്മശാസ്ത്രം, നവീകരണ ദൈവശാസ്ത്രം വരെ

മധ്യകാലഘട്ടത്തിലെ പണ്ഡിതോചിത ദൈവശാസ്ത്രം വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ ഗുണങ്ങളെ ജ്ഞാനം, പ്രത്യാശ, സ്വഭാവം, ധീരത എന്നിവയിൽ നിന്നും വ്യത്യസ്തമായാണ് കണ്ടത്. ഈ വ്യത്യാസം ആദ്യമായി മുന്നോട്ടു വെച്ചത് തോമസ് അക്വിനാസ് (1225-1274) ആയിരുന്നു. ഇത് ഗ്രീക്ക് തത്വചിന്തയിൽ നിന്നും കടം വാങ്ങിയത് ആയിരുന്നു. കാനോനികമല്ലാത്ത പുസ്തകങ്ങളിലും അപ്പോക്രീഫാ പുസ്തകങ്ങളിലും അവ ഉൾപ്പെടുത്തുകയും മറ്റും ചെയ്തിരുന്നു. അംബ്രോസ്, അഗസ്റ്റിൻ തുടങ്ങിയ സഭാപിതാക്കന്മാർ ഇത് അംഗീകരിച്ചിരുന്നു.

### വേദശാസ്ത്രപരമായ സ്വഭാവഗുണങ്ങൾ

| | | |
|---|---|---|
| സ്നേഹം | - | ആത്മീയ ബന്ധത്തിന്റെ സ്വഭാവം |
| പ്രത്യാശ | - | ആത്മീയ പ്രതീക്ഷയുടെ സ്വഭാവം |
| വിശ്വാസം | - | ആത്മീയ ജ്ഞാനത്തിന്റെ സ്വഭാവം |

### പ്രധാനപ്പെട്ട മാനുഷിക സ്വഭാവ ഗുണങ്ങൾ

| | | |
|---|---|---|
| ജ്ഞാനം | - | പ്രായോഗിക ബുദ്ധി അഥവാ യുക്തി |
| നീതി | - | മനസാക്ഷിയുടെ സ്വഭാവം |
| സ്വയനിയന്ത്രണം | - | ഇച്ഛാശക്തിയുടെ സ്വഭാവം |
| ധീരത (സഹനം) | - | വികാരം എന്ന സ്വഭാവം |

**കൃപ**

**ആവശ്യപ്പെടുന്ന ധാർമ്മികത, നിയമം ആവശ്യപ്പെടുന്നതിനേക്കാൾ അധികമാണെന്ന് നാം മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. ഗിരിപ്രഭാഷണത്തിന്റെ പെട്ടെന്നുള്ള വായന തന്നെ നമുക്ക് അത് വെളിപ്പെടുത്തി തരും.**

> **എന്നാൽ നവീകരണത്തെ തുടർന്ന്, മാനുഷിക പ്രയത്നങ്ങളിലുള്ള പ്രതീക്ഷ മുഴുവനായും തകർന്നു. എല്ലാം കൃപയാൽ, എല്ലാം വിശ്വാസത്താൽ, എല്ലാം തിരുവെഴുത്തിൽ എന്നത് സഭയുടെ പ്രഖ്യാപനവും ബോധ്യവുമായി മാറി. മനുഷ്യനിലെ ജന്മനായുള്ള പാപപ്രകൃതിയും ദൈവത്തിൽ നിന്നും അകന്ന അവസ്ഥയും സുവിശേഷ സമൂഹം ഒന്നാകെ അംഗീകരിച്ചു തുടങ്ങി.**

ഈ മാനുഷിക ഗുണങ്ങൾ മനുഷ്യന് തന്റെ കഠിന പ്രയത്നത്താൽ മാത്രമെ സ്വായത്തമാക്കുവാൻ കഴിയുകയുള്ളൂ എന്ന് വിശ്വസിച്ച തോമസ് അക്വിനാസ്, വേദശാസ്ത്രപരമായ അഥവാ അമാനുഷികമായ സ്വഭാവഗുണങ്ങൾ ദൈവീകമായ കൃപയോടു കൂടെ മാത്രമേ സ്വായത്തമാക്കുവാൻ കഴിയുകയുള്ളൂ എന്ന് വിശ്വസിച്ചിരുന്നു. വിശ്വാസവും തത്വശാസ്ത്രവും തമ്മിൽ അനുരഞ്ജനപ്പെടുത്താനുള്ള യജ്ഞത്തിൽ പ്രകൃതിയെയും കൃപയെയും രണ്ടായിക്കാണുവാനുള്ള തന്റെ ശ്രമത്തിന്റെ ഭാഗമായിരുന്നു ഇത്. ദൈവാസ്തികൃത്തെക്കുറിച്ചുള്ള അറിവും മാനുഷിക സ്വഭാവഗുണങ്ങളും മനുഷ്യനു തന്റെ സ്വപ്രയത്നത്താൽ മാത്രമേ സ്വന്തമാക്കുവാൻ കഴിയുകയള്ളൂ എന്നാണ് അദ്ദേഹം ചിന്തിച്ചത്. എന്നാൽ അതേസമയം, കൂടിയ സത്യങ്ങളും ക്രിസ്തുവിനെക്കുറിച്ചുള്ള അറിവ്, സ്നേഹം തുടങ്ങിയവ ദൈവകൃപയാൽ മാത്രമേ മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ എന്നും അദ്ദേഹം വിശ്വസിച്ചു. കാതലായ മാനുഷിക ഗുണങ്ങൾ ആദ്യമായി താൻ കടമെടുത്തത് പ്ലേറ്റോയിൽ നിന്നുമാണ്. എന്നാൽ അതേ സമയം മാനുഷിക ഗുണങ്ങൾ മനുഷ്യന്റെ പ്രയത്നത്താലുമാണ് സ്വായത്തമാക്കുവാൻ കഴിയുന്നത് എന്ന ആശയം താൻ കടമെടുത്തത് പ്ലേറ്റോയുടെ ശിഷ്യനായിരുന്ന അരിസ്റ്റോട്ടിലിൽ നിന്നുമായിരുന്നു.

നാം പ്രത്യേകം ശ്രദ്ധിക്കേണ്ടത്, ഈ വിധത്തിലുള്ള വിഭജനം ബൈബിൾ അടിസ്ഥാനത്തിലുള്ളതല്ല. വിശ്വാസവും നീതിയും തമ്മിൽ യേശു ഒരു വിഭജനം വെച്ചിരുന്നില്ല. മറിച്ച് അവയെ ഒന്നായിട്ടാണ് യേശു അവതരിപ്പിച്ചത്.

"കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്ക് ഹാ കഷ്ടം; നിങ്ങൾ തുളസി, ചതകുപ്പ, ജീരകം ഇവയിൽ പതാരം കൊടുക്കുകയും ന്യായം, കരുണ, വിശ്വസ്തത ഇങ്ങനെ ന്യായപ്രമാണത്തിന്റെ ഘനമേറിയവ ത്യജിച്ചു കളകയും ചെയ്യുന്നു. അതു ചെയ്യുകയും ഇതു ത്യജിക്കാതിരിക്കുകയും വേണം" (മത്താ. 23:23).

"പരീശന്മാരായ നിങ്ങൾക്ക് അയ്യോ കഷ്ടം; നിങ്ങൾ തുളസിയിലും അരൂതയിലും എല്ലാ ചീരയിലും പതാരം കൊടുക്കുകയും ന്യായവും ദൈവസ്നേഹവും വിട്ടുകളയുകയും ചെയ്യുന്നു. ഇതു ചെയ്യുകയും അതു ത്യജിക്കാതിരിക്കുകയും വേണം" (ലൂക്കോ. 11:42).

എന്നാൽ നവീകരണത്തെ തുടർന്ന്, മാനുഷിക പ്രയത്നങ്ങളിലുള്ള പ്രതീക്ഷ മുഴുവനായും തകർന്നു. എല്ലാം കൃപയാൽ, എല്ലാം വിശ്വാസത്താൽ, എല്ലാം തിരുവെഴുത്തിൽ എന്നത് സഭയുടെ പ്രഖ്യാപനവും ബോധ്യവുമായി മാറി. മനുഷ്യനിലെ ജന്മനായുള്ള പാപപ്രകൃതിയും ദൈവത്തിൽ നിന്നും അകന്ന അവസ്ഥയും സുവിശേഷ സമൂഹം ഒന്നാകെ അംഗീകരിച്ചു തുടങ്ങി. ഇതിൽ നിന്നുള്ള മോചനം പൂർണ്ണമായി പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ മാത്രമെന്നതും അംഗീകരിക്കപ്പെട്ടു.

റോമാലേഖനത്തെ അധികരിച്ചുള്ള മാർട്ടിൻ ലൂഥറിന്റെ പ്രഭാഷണങ്ങളിൽ നന്മയെക്കുറിച്ചുള്ള പണ്ഡിതോചിത അഭിപ്രായത്തെ എതിർത്തിരുന്നതായി നമുക്ക് കാണുവാൻ കഴിയുന്നു. മനു ഷ്യപ്രയത്നത്താലാണ് മനുഷ്യനിൽ നല്ല സ്വഭാവങ്ങൾ ഉണ്ടാകുന്നതെന്നുള്ള അഭിപ്രായത്തെയാണ് അദ്ദേഹം എതിർത്തത്. അരിസ്റ്റോട്ടിലിന്റെ തത്വത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു പ്രസ്തുത അഭിപ്രായം. അദ്ദേഹം ഇപ്രകാരം എഴുതി.

"പണ്ഡിതർ പിൻപറ്റുന്നത് അരിസ്റ്റോട്ടിലിന്റെ Ethic (ധർമ്മശാസ്ത്രം) ലെ ചിന്തകളാണ്. പാപവും നീതിയും അവയുടെ അളവും അടിസ്ഥാനപ്പെട്ടിരിക്കുന്നത് ഒരു വ്യക്തിയുടെ പ്രവൃത്തിയിലാണ്."

"മനുഷ്യന്റെ പ്രവൃത്തികളിൽ നിന്നും ഉളവാകുന്ന മനുഷ്യനീതിയിൽ നിന്നും ദൈവനീതി നാം വ്യത്യസ്തമായി കാണേണ്ടതാണ്. തന്റെ Ethic-ന്റെ മൂന്നാം അദ്ധ്യായത്തിൽ അരിസ്റ്റോട്ടിൽ ഇത് വ്യക്തമാക്കുന്നുണ്ട്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം നീതി ഒരുവന്റെ പ്രവൃത്തിയിൽ നിന്നുമാണ് ഉത്ഭവിക്കുന്നത്. എന്നാൽ ദൈവം പറയുന്നതനുസരിച്ച് മനുഷ്യന്റെ നന്മപ്രവൃത്തി ദൈവനീതിയുടെ ഫലമാണ്."

ക്രിസ്തീയ ദൈവശാസ്ത്രപ്രകാരം ആദ്യം മനുഷ്യന്റെ ഹൃദയവും മനസാക്ഷിയും കഴുകപ്പെട്ടെങ്കിൽ മാത്രമേ, ശരിയായ ധാർമ്മിക ബോധവും നന്മപ്രവൃത്തിയും സാ ധ്യമാകുകയുള്ളൂ. ഹൃദയം ഒന്നാമതായി ശുദ്ധീകരിക്കപ്പെടണം. അതി ൽനിന്ന് മാത്രമെ നല്ല പ്രവൃത്തികൾ ഉത്ഭവിക്കുകയുള്ളൂ.

"എങ്ങനെയെന്നാൽ ദുശ്ചിന്ത, കൊലപാതകം, വ്യഭിചാരം, പരസംഗം, മോഷണം, കള്ളസാക്ഷ്യം, ദൂഷണം എന്നിവ ഹൃദയത്തിൽ നിന്ന് പുറപ്പെടുന്നു. മനുഷ്യനെ അശുദ്ധമാക്കുന്നത് ഇതത്രേ; കഴുകാത്ത കൈകൊണ്ട് ഭക്ഷിക്കുന്നതോ മനുഷ്യരെ അശുദ്ധമാക്കുകയില്ല" (മത്താ. 15:19-20).

നിത്യാത്മാവിനാൽ ദൈവത്തിന് തന്നെത്താൻ നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസാക്ഷിയെ നിർജ്ജീവ പ്രവർത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും?

## ധർമ്മശാസ്ത്ര ധ്രുവങ്ങൾ: കർശനവും അയഞ്ഞതും

ക്രിസ്തീയ ധർമ്മശാസ്ത്രത്തിൽ കൃപയ്ക്കുള്ള പങ്കിനെ നശിപ്പിക്കുവാൻ ഒരുമ്പെടുന്ന രണ്ടു ധ്രുവങ്ങളിൽ നിന്ന് രക്ഷിക്കാനുള്ള ശ്രമം സുവിശേഷവിഹിത പെന്തെക്കോസ്തു ദൈവശാസ്ത്രജ്ഞന്മാർ നടത്തിവരുന്നു. ഇതിലെ രണ്ടു ധ്രുവങ്ങൾ എന്നത്, കർശന നിയമപക്ഷവും അയഞ്ഞ പക്ഷവുമാണ്. കർശന നിയമവാദികൾ നിയമത്തിന്റെ ആത്മാവിന് മുകളിൽ നിയമത്തിന്റെ അക്ഷരത്തെ കാണുന്നവരാണ്. കല്പനകൾ കൃത്യമായി ആചരിക്കുന്നത് രക്ഷയ്ക്ക് ഒഴിവാക്കാനാവാത്തതാണെന്നും അവർ വാദിക്കുന്നു. നിയമവാദികൾ നന്മപ്രവർത്തികൾ



**സുവിശേഷത്തിൽ ഉൾക്കൊള്ളിക്കപ്പെട്ടിരിക്കുന്നതിനാൽ അധികമായ ഭാരമൊന്നും വിശ്വാസികളുടെ മേൽ കെട്ടി ഏല്പിക്കാതിരിക്കുവാൻ സഭാ നേതൃത്വം പ്രത്യേകം ഉറപ്പുവരുത്തേണ്ടത് വളരെ പ്രധാനമാണ്. നീതി, ദയ, സ്നേഹം, വിശ്വാസം എന്നിവയ്ക്ക് സ്ഥാനം കൊടുത്തിരിക്കണം.**

പരസ്യമായി ചെയ്യുന്നവരെ പുകഴ്ത്തുകയും അവയെ ലംഘിക്കുന്നവരെ പുച്ഛിച്ചു തള്ളുകയും ചെയ്യുന്നു. മാനുഷികമായ കഴിവിനെയും, ധാർമ്മിക സ്വഭാവത്തെയും പ്രയത്നങ്ങളെയും പുകഴ്ത്തുകയും നിയമത്തെ ദൈവത്തിനു മുകളിൽ പ്രതിഷ്ഠിക്കുകയും ചെയ്യുന്നു. അതിലൂടെ ദൈവീക കൃപയുടെ അന്തസത്ത അവർ നിരാകരിക്കുന്നു. കർശന നിയമക്കാർ മിക്കപ്പോഴും കപടഭക്തരായി തീരുന്നു. കാരണം നിയമത്തിന്റെ കൂടിയ നിലവാരം പറയുന്ന ഇവർ സ്വയം പാലിപ്പാൻ കഴിയാത്തവരാണ്. അപ്രകാരമുള്ള ഈ നിയമവാദികൾക്കെതിരെ യേശു ശക്തമായി പ്രതികരിച്ചിട്ടുണ്ട്:

"അനന്തരം യേശു പുരുഷാരത്തോടും തന്റെ ശിഷ്യന്മാരോടും പറഞ്ഞത് : ശാസ്ത്രിമാരും പരീശന്മാരും മോശയുടെ പീഠത്തിൽ ഇരിക്കുന്നു. ആകയാൽ അവർ നിങ്ങളോട് പറയുന്നത് ഒക്കെയും പ്രമാണിച്ചു ചെയ്‌വീൻ; അവരുടെ പ്രവർത്തികൾ പോലെ ചെയ്യരുത് താനും. അവർ പറയുന്നതല്ലാതെ ചെയ്യുന്നില്ലല്ലോ. അവർ ഘനമുള്ള ചുമടുകളെ കെട്ടി മനുഷ്യരുടെ തോളിൽ വെക്കുന്നു. ഒരു വിരൽ കൊണ്ടുപോലും അവയെ തൊടുവാൻ അവർക്ക് മനസ്സില്ല" (മത്താ. 23:1-4).

"കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരെ, നിങ്ങൾക്ക് ഹാ കഷ്ടം; വെള്ളതേച്ച ശവക്കല്ലറകളോടു നിങ്ങൾ ഒത്തിരിക്കുന്നു. അവ പുറമെ അഴകായി ശോഭിക്കുന്നെങ്കിലും അകമെ ചത്തവരുടെ അസ്ഥികളും സകലവിധ അശുദ്ധിയും നിറഞ്ഞിരിക്കുന്നു" (മത്താ. 23:27-28).

സുവിശേഷത്തിൽ ഉൾക്കൊള്ളിക്കപ്പെട്ടിരിക്കുന്നതിനാൽ അധികമായ ഭാരമൊന്നും വിശ്വാസികളുടെ മേൽ കെട്ടി ഏല്പിക്കാതിരിക്കുവാൻ സഭാ നേതൃത്വം പ്രത്യേകം ഉറപ്പുവരുത്തേണ്ടത് വളരെ പ്രധാനമാണ്. നീതി, ദയ, സ്നേഹം, വിശ്വാസം എന്നിവയ്ക്ക് സ്ഥാനം കൊടുത്തിരിക്കണം. വിഗ്രഹാരാധന, ലൈംഗിക അധാർമ്മികത, ശ്വാസം മുട്ടിച്ചത്തത് തുടങ്ങിയവ ഒഴിച്ച് മറ്റൊന്നിനെയും വർജ്ജിക്കുവാൻ അപ്പോസ്തലന്മാർ കർശനമായി പറയുന്നില്ല (അപ്പോ. പ്ര. 15:19-21). ക്രിസ്തീയ ധാർമ്മികത ഒരിക്കലും നിയമത്തിന്റെ അക്ഷരത്തിൽ അടിസ്ഥാനപ്പെട്ടതല്ല, മറിച്ച് അതിന്റെ ആത്മാവിൽ അടിസ്ഥാനപ്പെട്ടതാണ്.

"നിന്റെ ഭക്ഷണം നിമിത്തം സഹോദരനെ വ്യസനിപ്പിച്ചാൽ നീ സ്നേഹപ്രകാരം നടക്കുന്നില്ല. ആർക്കുവേണ്ടി ക്രിസ്തു മരിച്ചുവോ അവനെ നിന്റെ ഭക്ഷണം കൊണ്ട് നശിപ്പിക്കരുത്" (റോമ. 14:15).

മറ്റെ ധ്രുവം അയഞ്ഞ സമീപനമാണ്. അതിൽ ദൈവത്തിന്റെ നിയമത്തിന്റെ പ്രാധാന്യതയെക്കാൾ കൃപയുടെ ആനുകൂല്യത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നതായി കാണുന്നു. നിയമത്തെ നിരാകരിക്കുവാൻ യേശു ഒരിക്കലും പറയുന്നില്ല. മുകളിൽ ഉദ്ധരിച്ച ഭാഗത്ത് എല്ലാം വളരെ ശ്രദ്ധാപൂർവ്വം ചെയ്യുവാനാണ് യേശു ഉപദേശിക്കുന്നത്. അപ്പോൾ തന്നെ തങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ ആരും സ്വർഗ്ഗരാജ്യം കാണുകയില്ല എന്നും യേശു പറഞ്ഞു (മത്താ. 5:20). കൃപ ആവശ്യപ്പെടുന്ന ധാർമ്മികത, നിയമം ആവശ്യപ്പെടുന്നതിനേക്കാൾ അധികമാണെന്ന് നാം മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. ഗിരിപ്രഭാഷണത്തിന്റെ പെട്ടെന്നുള്ള വായന തന്നെ നമുക്ക് അത് വെളിപ്പെടുത്തി തരും. യാതൊരു സംശയവും വേണ്ട ക്രിസ്തുവിന്റെ ധാർമ്മിക പഠിപ്പിക്കലുകൾ നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കണമെങ്കിൽ, ക്രിസ്തുവിന്റെ സഹായം കൊണ്ടു മാത്രമേ അത് സാധ്യമാകുകയുള്ളൂ. എന്നാൽ നവീകരണക്കാർ കൃപയ്ക്കു നൽകുന്ന ഊന്നൽ ഉപയോഗിച്ച് ക്രിസ്തു മുന്നോട്ടുവെച്ച ഉയർന്ന ധാർമ്മികതയെ വിലകുറച്ചു കാണുകയും ശിക്ഷയെ വളരെ നിസ്സാരമായി കാണുകയും ചെയ്യുന്ന ഒരു പ്രവണത ഉടലെടുത്തിട്ടുണ്ട്. ആളുകളുടെ എണ്ണത്തിന് പ്രാധാന്യം കൊടുക്കുന്ന ചില സഭകൾ ഈ അയഞ്ഞ സമീപനം ഉള്ളവരാണ്. ഇക്കൂട്ടർ രക്ഷയുടെ വില മാത്രമല്ല, ശിഷ്യത്വത്തിന്റെ വിലയും കൂടെ മറന്ന് പ്രവർത്തിക്കുന്നവരാണ്. ഇത് മനസ്സിലാക്കിയാണ് ജർമ്മൻ വേദശാസ്ത്രജ്ഞനായിരുന്ന ഡിസ്ട്രിച്ച് ബോൺഹോഫർ, വിലയേറിയ കൃപയിലേക്ക് മടങ്ങിവരുവാനുള്ള ആഹ്വാനവുമായി രംഗത്തുവന്നത്. "The cost of discipleship' എന്ന തന്റെ പുസ്തകത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു:

വിലകുറഞ്ഞ കൃപ എന്ന ഉപദേശം നമ്മുടെ സഭയുടെ മാരക ശത്രുവാണ്. വിലയേറിയ കൃപയ്ക്കായുള്ള യുദ്ധത്തിലാണ് നാം ഇന്ന്. വിലകുറഞ്ഞ വസ്ത്രങ്ങൾ ചന്തയിൽ വിൽക്കുന്നതുപോലെ വിലക്കുറവിൽ വിൽക്കുന്ന കൃപയുടെ ഉപദേശമാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. കൂദാശകൾ, പാപക്ഷമ, മതം നൽകുന്ന ആശ്വാസങ്ങൾ ഇന്ന് കഷണങ്ങളായി എറിഞ്ഞു നൽകുകയാണ്. സഭയുടെ അക്ഷയ സംഭരണമായി കൃപയെ കാണുകയും പരിധികളില്ലാതെ ആവശ്യക്കാർക്ക് അത് സഭ പകർന്നുകൊടുക്കുകയും ചെയ്യുന്ന ഒരു അവസ്ഥയാണിത്. വിലയില്ലാത്ത കൃപ; ഒന്നും മുടക്കേണ്ടാത്ത കൃപ! വില കുറഞ്ഞ കൃപ എന്നാൽ, പാപിയെ നീതീകരിക്കാതെ പാപത്തെ നീതീകരിക്കുന്നതാണ്. ധാർമ്മികതയെ മാറ്റിനിർത്തിയുള്ള ദൈവശാസ്ത്രത്തേക്കാൾ അപകടകാരി മറ്റൊന്നുമില്ല.

"നമ്മുടെ ദൈവത്തിന്റെ കൃപയെ ദുഷ്കാമ പ്രവർത്തിക്ക് ഹേതുവാക്കി ഏകനാഥനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെ നിഷേധിക്കുന്ന അഭക്തരായ ചില മനുഷ്യർ നുഴഞ്ഞു വന്നിരിക്കുന്നു..." (യൂദ:4).

പ്രവർത്തികളില്ലാതെ ദൈവത്തെ ഏറ്റുപറയുന്നതിൽ മാത്രം കാര്യമൊന്നും ഇല്ല. "അവർ ദൈവത്തെ അറിയുന്നു എന്നു പറയുന്നുവെങ്കിലും പ്രവൃത്തികളാൽ അവനെ നിഷേധിക്കുന്നു. അവർ അറെക്കത്തക്കവരും അനുസരണം കെട്ടവരും യാതൊരു നല്ല കാര്യത്തിനും കൊള്ളരുതാത്തവരുമാകുന്നു" (തീത്തോ. 1:16). എല്ലാ തിരുവെഴുത്തും ദൈവനിശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവർത്തിക്കും വക പ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതും ആകുന്നു" (1 തിമ. 3:16, 17).

"നാം അവന്റെ കൈപ്പണിയായി സൽപ്രവർത്തിക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു. നാം ചെയ്തു പോരേണ്ടതിന് ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു" (എഫേ. 2:10,11).

## പരിശുദ്ധാത്മ ദൈവശാസ്ത്രം

ക്രിസ്തീയ ധർമ്മശാസ്ത്രവുമായി ബന്ധപ്പെട്ട് മൂന്നു പ്രധാനപ്പെട്ട വസ്തുതകൾ നാം മനസ്സിലാക്കേണ്ടതുണ്ട്.



## ക്രിസ്തീയ

**ധർമ്മശാസ്ത്രം ക്രിസ്തുകേന്ദ്രീകൃതവും ആത്മാവിന്റെ പ്രവർത്തികൾ നിറഞ്ഞതുമാണ്. സ്നേഹം, സന്തോഷം, സമാധാനം, സൗമ്യത, എന്നിവ മനുഷ്യപ്രയത്നത്താൽ ഉണ്ടാകുന്നതല്ല. മറിച്ച് നമ്മിലുള്ള ക്രിസ്തുസാന്നിദ്ധ്യത്താൽ ആത്മാവിൽ നിന്നും ഉയർന്നു വരേണ്ടതാണ്.**

1. സ്നേഹമായ ദൈവത്തിന്റെ ധാർമ്മിക സ്വഭാവത്തിലാണ് ക്രിസ്തീയ ധർമ്മശാസ്ത്രം അടിസ്ഥാനപ്പെട്ടിരിക്കുന്നത്.
2. തന്റെ പുത്രനെ നമുക്ക് അയച്ചതിലൂടെ യഥാർത്ഥ സ്നേഹം ദൈവം നമുക്ക് വെളിപ്പെടുത്തിയിരിക്കുന്നു.
3. പരിശുദ്ധാത്മാവിനാൽ ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് പകർന്ന് നൽകപ്പെട്ടിരിക്കുന്നു.

“അവരിൽ ഒരു വൈദികൻ അവനെ പരീക്ഷിച്ചു, ഗുരോ, ന്യായപ്രമാണത്തിൽ ഏതു കല്പന വലിയത് എന്നു ചോദിച്ചു. യേശു അവനോട്: “നിന്റെ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന. രണ്ടാമത്തേത് അതിനോടു സമം. കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കണം. ഈ രണ്ടു കല്പനകളിൽ സകല ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു” എന്നു പറഞ്ഞു (മത്താ. 22:35-40).

പിന്നീട്, താൻ തന്റെ ശിഷ്യന്മാരോട് പറഞ്ഞത്: ‘‘നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്ന് പുതിയൊരു കല്പന ഞാൻ നിങ്ങൾക്ക് തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നുതന്നെ” (യോഹ. 13:34). പുതിയ നിയമത്തിന് പഴയതിൽ നിന്നുള്ള വ്യത്യാസം പുതിയത്, യേശുക്രിസ്തുവിന്റെ ജീവിക്കുന്ന സാന്നിധ്യത്തിലും പ്രവർത്തിയാലും കൂടെയാണ് വെളിവാക്കപ്പെട്ടത്. ‘ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ’ എന്ന പ്രയോഗം ശ്രദ്ധേയമാണ്.

യോഹന്നാൻ തന്റെ ഒന്നാം ലേഖനത്തിൽ ഇപ്രകാരം പറയുന്നു: “പ്രിയമുള്ളവരെ നാം അന്യോന്യം സ്നേഹിക്ക; സ്നേഹം ദൈവത്തിൽ നിന്നു വരുന്നു; സ്നേഹിക്കുന്നവരെല്ലാം ദൈവത്തിൽ നിന്ന് ജനിച്ചിരിക്കുന്നു. ദൈവത്തെ അറികയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല; ദൈവം സ്നേഹം തന്നെ” (1 യോഹ. 4:7-11).

പൗലൂസ് തുടർന്ന് എഴുതുന്നത്, “പ്രത്യാശയ്ക്കോ ഭംഗം വരുന്നില്ല; ദൈവത്തിന്റെ സ്നേഹം നമുക്ക് നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ” (റോമ. 5:5,8). അതോടൊപ്പം ആത്മാവിന്റെ ഫലങ്ങളെക്കുറിച്ച് എഴുതിയിരിക്കുന്നു. “സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം. ഈ വകയ്ക്ക് വിരോധമായി ഒരു ന്യായപ്രമാണവുമില്ല” (ഗലാ. 5:22-23).

ഈ ഒൻപതു ആത്മാവിന്റെ ഫലങ്ങളും സ്നേഹം എന്ന ഒറ്റ ഫലം തന്നെയാണ് എന്ന് പല ക്രിസ്തീയ അദ്ധ്യാപകരും പറയുന്നു. ഒരു ക്രിസ്ത്യാനി ജീവിതത്തിലെ ആത്മാവിന്റെ ഫലങ്ങൾ, പ്രകടമാകേണ്ടത് ക്രിസ്തീയ പക്വത, ആത്മീയത എന്നിവയിലൂടെയായിരിക്കണം. അന്യഭാഷാഭാഷണം, പ്രവചനം, വലിയ വിശ്വാസം എന്നിവ ആത്മീയ പക്വതയുടെ ലക്ഷണങ്ങൾ അല്ല (1 കൊരി. 13:1-3) കൊരിന്ത് സഭ ആത്മവരങ്ങളിൽ നിറഞ്ഞതായിരുന്നു. പക്ഷെ ആത്മാവിന്റെ ഫലങ്ങൾ ഇല്ലായിരുന്നു. അതൊരു ജഢീക സഭയായിരുന്നു.

ക്രിസ്തീയ ധർമ്മശാസ്ത്രം ക്രിസ്തുകേന്ദ്രീകൃതവും ആത്മാവിന്റെ പ്രവർത്തികൾ നിറഞ്ഞതുമാണ്. സ്നേഹം, സന്തോഷം, സമാധാനം, സൗമ്യത, എന്നിവ മനുഷ്യപ്രയത്നത്താൽ ഉണ്ടാകുന്നതല്ല. മറിച്ച് നമ്മിലുള്ള ക്രിസ്തുസാന്നിദ്ധ്യത്താൽ ആത്മാവിൽ നിന്നും ഉയർന്നുവരേണ്ടതാണ്. സ്നേഹിക്കുവാനുള്ള നമ്മുടെ ധാർമ്മിക കടപ്പാട്, ക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിന്റെ ബഹിർസ്ഫുരണമായിരിക്കണം. നമ്മുടെ ആത്മീയ നിലവാരം ക്രിസ്തുവിന്റെ സ്നേഹമാണ്. “അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു” (1 യോഹ. 2:6). ഈ നടപ്പിൽ നമുക്ക് വേണ്ടത് താഴ്മയാണ്. അതുകൂടാതെ ദൈവകൃപ അനുഭവിക്കുവാൻ ആർക്കും കഴിയുകയില്ല.

“അല്ലെങ്കിൽ തിരുവെഴുത്ത് വെറുതെ സംസാരിക്കുന്നു എന്ന് തോന്നുന്നുവോ? അവൻ തമ്മിൽ വസിക്കുമാറാക്കിയ ആത്മാവ് അസൂയയ്ക്കായി കാംക്ഷിക്കുന്നുവോ? എന്നാൽ അവൻ അധികം കൃപ നൽകുന്നു. അതുകൊണ്ട് ദൈവം നിഗളികളോട് എതിർത്തു നിൽക്കയും താഴ്മയുള്ളവർക്കു കൃപ നൽകുകയും ചെയ്യുന്നു” എന്ന് പറഞ്ഞിരിക്കുന്നു (യാക്കോ. 4:56).

“നിങ്ങൾ ജഢത്തെ അനുസരിച്ച് ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം, ആത്മാവിനാൽ ശരീരത്തിന്റെ പ്രവർത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും. ദൈവാത്മാവ് നടത്തുന്ന ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു” (റോമ. 7:13-14).

ദൈവത്തെയും അയൽക്കാരനെയും സ്നേഹിക്കുവാനുള്ള ആഹ്വാനം പ്രയോഗത്തിൽ ഒരു ഭാരമായി ചെയ്യുവാനുള്ളതല്ല, മറിച്ച്, സ്നേഹത്തിൽ നിന്നും ഔദാര്യത്തിൽ നിന്നും ചെയ്യേണ്ടതാണ്.

“പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായ ഭക്തിയോ, അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്ന് കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാത വണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു” (യാക്കോ. 1:27).

“എന്നാൽ കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം എന്ന തിരുവെഴുത്തിന് ഒത്ത വണ്ണം രാജകീയ ന്യായപ്രമാണം നിങ്ങൾ നിവർത്തിക്കുന്നു എങ്കിൽ നന്ന്. മുഖപക്ഷം കാണിച്ചാലോ പാപം ചെയ്യുന്നു; നിങ്ങൾ ലംഘനക്കാർ എന്ന് ന്യായപ്രമാണത്താൽ തെളിയുന്നു” (യാക്കോ. 2:8,9).

രക്ഷയുടെ അടയാളം “സ്നേഹത്താൽ വ്യാപരിക്കുന്ന വിശ്വാസമത്രേ” എന്ന് നാം കാണുന്നു (ഗലാ. 5:6).

“ഒരു സഹോദരനോ സഹോദരിയോ നഗ്നനും അഹോവൃത്തിക്ക് വക ഇല്ലാത്തവരുമായിരിക്കെ നിങ്ങളിൽ ഒരുത്തൻ അവരോട്: സമാധാനത്തോടെ പോയി തീ കായുകയും വിശപ്പടക്കുകയും ചെയ്‌വിൻ എന്നു പറയുന്നതല്ലാതെ ദേഹരക്ഷയ്ക്ക് ആവശ്യമുള്ളത് കൊടുക്കാതിരുന്നാൽ ഉപകാരം എന്ത്? അങ്ങനെ വിശ്വാസവും പ്രവർത്തികളില്ലാതിരുന്നാൽ സ്വതവേ നിർജ്ജീവമാകുന്നു.” ●





# ധാർമ്മികതയും സഭകളും



**പാസ്റ്റർ പി. ജെ. ദാനിയേൽ**
അദ്ധ്യാപകൻ, ഇന്ത്യാ ബൈബിൾ കോളജ് & സെമിനാരി, കുമ്പനാട്

**ഒരു** നാണയത്തിന്റെ രണ്ടു വശങ്ങളാണ് ധാർമ്മികതയും സഭകളും. ഒന്നില്ലാതെ മറ്റൊന്നിന് നിലനിൽപ്പില്ല. ധാർമ്മികത എന്നത് ഓരോ സഭാവിശ്വാസിയിലും ഉണ്ടായിരിക്കേണ്ട നല്ല പെരുമാറ്റമാണ്. ശരിയും തെറ്റും തമ്മിലുള്ള നല്ലതും മോശവുമായ പെരുമാറ്റം തമ്മിലുമുള്ള വ്യത്യാസത്തെ കാണിക്കുന്ന സത്വങ്ങളാണ് ധാർമ്മികത. 'മോറാലിസ' എന്ന ലാറ്റിൻ പദത്തിൽ നിന്നുമാണ് 'രീതി', 'സ്വഭാവം' അല്ലെങ്കിൽ 'ശരിയായ പെരുമാറ്റം' എന്നൊക്കെ അർത്ഥമുള്ള ധാർമ്മികത എന്ന പദം വരുവാനിടയായത്. യോഗ്യവും അയോഗ്യവും എന്ന് തിരിച്ചറിയപ്പെടാവുന്ന ഉദ്ദേശങ്ങളിലെയോ, തീരുമാനങ്ങളിലെയോ, പ്രവർത്തികളിലെയോ വ്യത്യസ്തതയാണ് ധാർമ്മികത. നല്ലതും മോശവുമായ പെരുമാറ്റത്തിന് അടിസ്ഥാനമായിരിക്കുന്ന വ്യക്തിപരവും സാമൂഹികവുമായ ഒരു കൂട്ടം നിലവാരങ്ങളാണ് ധാർമ്മികത നിശ്ചയിക്കുന്നത്.

ഒരു പ്രത്യേക ഉദ്ദേശ്യത്തിനായി ഈ ലോകത്തിൽ നിന്നും വിളിച്ച് വേർതിരിക്കപ്പെട്ടിരിക്കുന്ന ഒരു കൂട്ടമാണ് സഭ. സഭ ലോകത്തിലാണെങ്കിലും അത് ലോകത്തിനുള്ളതല്ല. ഈ ലോകത്തിന് അനുരൂപമാകാതെ ദിനംതോറും മനസ്സുപുതുക്കി രൂപാന്തരപ്പെടുവാൻ പൗലൂസ് അപ്പോസ്തലൻ സഭയെ ഉത്ബോധിപ്പിക്കുന്നു. ഇവിടെയാണ് ക്രിസ്തീയ ധാർമ്മികതയുടെ പ്രാധാന്യം. നാം എങ്ങനെ ജീവിക്കണം എന്ന് അത് പറയുന്നു. ദൈവഹിതം നാം കൂടുതൽ നല്ലതുപോലെ അറിയുന്നതിനും കർത്താവിന് പ്രസാദകരമായ വിധം നമ്മുടെ ജീവിതം ആയിരിക്കേണ്ടതിനും ക്രിസ്തീയ ധാർമ്മികത നാം പഠിക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ് (കൊലോ. 1:10).

ക്രിസ്തീയ

**ധാർമ്മികതയുടെ ആത്യന്തിക അടിസ്ഥാനം ദൈവത്തിന്റെ ധാർമ്മിക സ്വഭാവമാണ്. തന്റെ ധാർമ്മിക ഗുണത്തിൽ ദൈവം സന്തോഷിക്കുന്നു. അത് ഏറ്റവും നല്ലതും മാറ്റമില്ലാത്തതും നിത്യവുമാണ്.**

ക്രിസ്തീയ ധാർമ്മികതയുടെ ആത്യന്തിക അടിസ്ഥാനം ദൈവത്തിന്റെ ധാർമ്മിക സ്വഭാവമാണ്. തന്റെ ധാർമ്മിക ഗുണത്തിൽ ദൈവം സന്തോഷിക്കുന്നു. അത് ഏറ്റവും നല്ലതും മാറ്റമില്ലാത്തതും നിത്യവുമാണ്. ധാർമ്മികതയുടെ മാനദണ്ഡം അല്ലെങ്കിൽ നിലവാരം, ദൈവത്തിന്റെ തന്നെ ധാർമ്മിക സ്വഭാവത്തിൽ അടിസ്ഥാനപ്പെട്ടതാകയാൽ ചരിത്രത്തിൽ എല്ലാ കാലത്തും എല്ലാ മനുഷ്യർക്കും ഒരുപോലെ അതു ബാധകമാണ്. ദൈവം സ്നേഹമായതിനാൽ നാം അന്യോന്യം സനേഹിക്കണം എന്ന് ദൈവം പറഞ്ഞിരിക്കുന്നു (1 യോഹ. 4:19). ദൈവം വിശുദ്ധനാണ്; ആകയാൽ നാം വിശുദ്ധരായിരിക്കണം (1 പത്രോ. 1:15). ദൈവം ദയയുള്ളവനാകയാൽ നാം ദയ ജീവിതത്തിൽ പ്രദർശിപ്പിക്കണം (ലൂക്കോ. 6:36). നമ്മുടെ ദൈവം സത്യമാണ് ആയതിനാൽ നാം കള്ളസാക്ഷ്യം പറയരുത് (പുറ.20:16; തീത്തോ. 1:2). ഒരു വിശ്വാസിയിൽ പ്രതിഫലിക്കേണ്ട ദൈവ സ്വഭാവമാണ് ക്രിസ്തീയ ധാർമ്മികത.

ദൈവത്തെ മഹത്വപ്പെടുത്തുന്ന ഒരു ജീവിതം നയിക്കുക എന്നതാണ് ധാർമ്മികതയുടെ ലക്ഷ്യം "സകലവും ദൈവമഹത്വത്തിനായി ചെയ്യണം" (1 കൊരി. 10:31). ക്രിസ്തു തുല്യമായ ഒരു സ്വഭാവമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ദൈവത്തെ മഹത്വപ്പെടുത്തുന്നതും ധാരാളം ഫലം ദൈവത്തിനായി കായ്ക്കുന്നതുമായ ഒരു ജീവിതമാണ് വേണ്ടിയത്. ഒരു വിശ്വാസിയുടെ അത്തരത്തിലുള്ള ജീവിതം ദൈവത്തെ മഹത്വപ്പെടുത്തുന്നതാണ്. അനുസരണമുള്ള ജീവിതം ദൈവത്തെ

## ദൈവിക സ്വഭാവം

**നമ്മിലൂടെ എന്നും പ്രതിഫലിപ്പിക്കുക എന്നതാണ് ക്രിസ്ത്യാനിത്വത്തിന്റെ ആത്യന്തികമായ ഉദ്ദേശം. ഇരുണ്ട ലോകത്തിൽ അത് വെളിച്ചമായി പ്രതിഫലിക്കണം. അധാർമ്മികതയും ദുഷ്ടതയും അഴിമതിയും നവീകരണവും കൊണ്ട് ഇന്നത്തെ ലോകം നിറഞ്ഞിരിക്കുന്നു.**

മഹത്വപ്പെടുത്തുന്നതാണ്. ദൈവവുമായുള്ള ഒരു വ്യക്തിബന്ധം അവ എന്നും നിലനിർത്തുന്നതായിരിക്കും.

ദൈവിക സ്വഭാവം നമ്മിലൂടെ എന്നും പ്രതിഫലിപ്പിക്കുക എന്നതാണ് ക്രിസ്ത്യാനിത്വത്തിന്റെ ആത്യന്തികമായ ഉദ്ദേശം. ഇരുണ്ട ലോകത്തിൽ അത് വെളിച്ചമായി പ്രതിഫലിക്കണം. അധാർമ്മികതയും ദുഷ്ടതയും അഴിമതിയും നവീകരണവും കൊണ്ട് ഇന്നത്തെ ലോകം നിറഞ്ഞിരിക്കുന്നു.

ധാർമ്മികതയെക്കുറിച്ച് നാം അറിഞ്ഞിരിക്കുന്നതുപോലെ നമ്മുടെ സമൂഹത്തിൽ ചില അധാർമ്മികവും ദുഷ്ടവുമായ പ്രവർത്തികൾ ഇന്ന് നിറഞ്ഞിരിക്കുന്നു. "ഒരു വിശ്വാസിക്ക് അവയിൽ പങ്കാളികളാകാമോ എന്നതാണ് ഇവിടുത്തെ ചോദ്യം. അപ്രകാരമുള്ള പ്രവർത്തികളെക്കുറിച്ച് ബൈബിൾ എന്താണ് പഠിപ്പിക്കുന്നത്? ഒരു ക്രിസ്ത്യാനിക്ക് അത്തരം കാര്യങ്ങളിൽ ഏർപ്പെടുവാൻ അനുവാദമുണ്ടോ ഇല്ലയോ എന്നതാണ് നമ്മുടെ വിഷയം. അത്തരത്തിലുള്ള ചില കാര്യങ്ങൾ ചുവടെ പ്രതിപാദിക്കുന്നു.

### മദ്യവും മയക്കുമരുന്നും

മദ്യപാനത്തെ ബൈബിൾ വ്യക്തമായി വിലക്കുന്നു. മദ്യപാനത്തിന്റെ ദോഷങ്ങളെക്കുറിച്ച് നിരന്തരമായ മുന്നറിയിപ്പുകളാണ് ബൈബിൾ നൽകിത്തരുന്നത്. മദ്യപാനം നടത്തുന്നതിനെ അനുകൂലിക്കുന്ന ചില പരാമർശങ്ങൾ ചിലർ ബൈബിളിൽ നിന്ന് ചൂണ്ടിക്കാണിക്കാറുണ്ടെങ്കിലും അവയെല്ലാം പശ്ചാത്തലത്തിൽ നിന്നും അടർത്തിമാറ്റിയുള്ള വ്യാഖ്യാനങ്ങളാണ്. മദ്യപാനി സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ല എന്ന് ബൈബിൾ വളരെ വ്യക്തമായി നമ്മെ അറിയിക്കുന്നു (1 കൊരി. 6:10).

### അശ്ലീലത/വ്യഭിചാരം

വിവാഹ ജീവിതത്തിലെ സ്വന്തം പങ്കാളിയുമായുള്ള ബന്ധത്തിലല്ലാതെയുള്ള ലൈംഗിക ബന്ധം പൂർണ്ണമായും ഒഴിവാക്കിയിരിക്കണമെന്ന് തിരുവെഴുത്തിലെ ദൈവീക ധാർമ്മിക നിലവാരം ആവശ്യപ്പെടുന്നു. അതുകൊണ്ട്, അശ്ലീല സാഹിത്യം, ചിത്രങ്ങൾ, വീഡിയോകൾ ഉൾപ്പെടെയുള്ളവ നിർമ്മിക്കുന്നതും കൈവശം വയ്ക്കുന്നതും അവ കാണുന്നതും വേദപുസ്തക പ്രകാരവും ധാർമ്മികമായി തെറ്റാണ്. ദൈവത്തിന്റെ വിശുദ്ധമായ ധാർമ്മിക നിലവാരത്തിനെതിരായി മനുഷ്യരിൽ ലൈംഗിക ഉത്തേജനം ഉളവാക്കുക എന്നതാണ് അവയുടെ പിന്നിലെ ഉദ്ദേശ്യം എന്നതിനാൽ അവ പൂർണ്ണമായും അധാർമ്മികമാണ്. മനുഷ്യരുടെ ആത്മീയ ജീവിതം, വിവാഹ ജീവിതം, ഇതര ബന്ധങ്ങൾ, സാമൂഹ്യജീവിതം ഇവയിലെല്ലാം വളരെ ദോഷഫലങ്ങളാണ് ഇത് സൃഷ്ടിക്കുന്നത്.

### സ്വവർഗ്ഗരതി

വിവാഹ ജീവിതത്തിലൂടെ ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിൽ മാത്രമുള്ള ലൈംഗിക ബന്ധം മാത്രമാണ് ദൈവം സൃഷ്ടിപ്പിൽ തന്നെ വിഭാവനം ചെയ്തതും അനുവദിച്ചതും. വേദപുസ്തകം വിലക്കിയിരിക്കുന്ന വിവാഹേതര ലൈംഗിക ബന്ധങ്ങളിൽ ഉൾപ്പെടുന്ന ഒന്നാണ് സ്വവർഗ്ഗരതി. ദൈവത്തിന്റെ സൃഷ്ടിയിലെ ഉദ്ദേശ്യത്തിനെതിരും ലജ്ജാകരവുമായ അത്തരം ലൈംഗിക കാമവികാരങ്ങൾക്കും പ്രവർത്തികൾക്കും എതിരെ അപ്പോസ്തലനായ പൗലോസ് വളരെ ശക്തമായി മുന്നറിയിപ്പ് നൽകിയിരിക്കുന്നു (റോമ. 1:26-27).

### വർഗ്ഗീയ വിവേചനം

എല്ലാ മനുഷ്യരും ദൈവിക സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവരാണ്. എല്ലാ മനുഷ്യരും ആദാമിൽ നിന്നും ഉത്ഭവിച്ചവരുമാണ്. തങ്ങളുടെ വർഗ്ഗീയ, വംശീയ പശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിൽ ഒരു മനുഷ്യസമൂഹത്തെയും വിവേചനത്തോടെ കണ്ട് കൂടുതൽ താത്പര്യമോ വെറുപ്പോ കാണിക്കുവാൻ ബൈബിൾ അനുവദിക്കുന്നില്ല. എല്ലാ മനുഷ്യരും ഒരുപോലെ ബഹുമാനവും ആദരവും അർഹിക്കുന്നവരാണ്. ഇതിന് വിപരീതമായ ചില ഉദാഹരണങ്ങൾ പഴയനിയമത്തിൽ നാം കാണുന്നുണ്ട്. എന്നാൽ അത്തരത്തിലുള്ള സകല ശാപങ്ങളും യേശുക്രിസ്തുവിന്റെ യാഗത്തിലൂടെ പരിഹരിക്കപ്പെട്ടു. ഏതു ഗോത്രത്തിൽ നിന്നോ വംശത്തിൽ നിന്നോ യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷിക്കപ്പെടുന്ന ഏതൊരു മനുഷ്യനും ഇന്ന് ഒരേ കുടുംബത്തിലെ അംഗങ്ങളാണ്. "ക്രിസ്തുവിനോട് ചേരുവാൻ സ്നാനമേറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. അതിൽ യഹൂദനും യവനനും എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നുമില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുവിൽ ഒന്നത്രെ" (ഗലാ. 3:27-28).

### വിവാഹമോചനവും പുനർവിവാഹവും

ദൈവത്തിന്റെ സൃഷ്ടിയിലെ പദ്ധതി ആജീവനാന്തം ഏക ഭാര്യ, ഏക ഭർത്താവ് എന്ന കുടുംബ ബന്ധമാണ്. വിവാഹ മോചനം നിരവധി അപകടകരമായ പരിണിത ഫലങ്ങൾ ഉളവാക്കുന്നു. ചില സാഹചര്യങ്ങളിൽ ബഹുഭാര്യാഭർതൃത്വവും വിവാഹമോചനവും പഴയനിയമത്തിൽ ദൈവം സഹിക്കുകയും നിയന്ത്രിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തന്നോട് ചോദിച്ചവരോട് യേശു പറഞ്ഞ മറുപടി ശ്രദ്ധേയമാണ്. അവർ അവനോട് "എന്നാൽ ഉപേക്ഷണപത്രം കൊടുത്തിട്ടു അവളെ ഉപേക്ഷിപ്പാൻ മോശ കല്പിച്ചത് എന്ത് എന്ന് ചോദിച്ചു. അവൻ അവരോട് "നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തമത്രേ ഭാര്യമാരെ ഉപേക്ഷിപ്പാൻ മോശ അനുവദിച്ചത്. ആദിയിൽ അങ്ങനെ അല്ലായിരുന്നു" (മത്താ. 19:8).

വ്യഭിചാരം (പരസംഗം) എന്ന കാരണത്തിലല്ലാതെ പുതിയനിയമം വിവാഹമോചനം അനുവദിക്കുന്നില്ല (മത്താ. 19:9). പൗലൂസും ഈ വിഷയത്തിൽ യേശുക്രിസ്തുവിന്റെ പഠിപ്പിക്കലിനെ ഉറപ്പിക്കുകയാണ് ചെയ്യുന്നത് (റോമ. 7:2,3). ഭാര്യയോ ഭർത്താവോ ജീവിച്ചിരിക്കുമ്പോൾ മറ്റൊരു വ്യക്തിയെ ഭാര്യയോ ഭർത്താവോ ആയി വിവാഹം ചെയ്യുവാൻ ബൈബിൾ അനുവദിക്കുന്നില്ല. അങ്ങനെ ചെയ്താൽ അത് വ്യഭിചാരമായി കണക്കാക്കപ്പെടും. ഒരാൾ മരിച്ചാൽ പിന്നെ മറ്റെ പങ്കാളി വിവാഹ ഉടമ്പടിയിൽ നിന്നും വിമുക്തനോ, വിമുക്തയോ ആണ്. അതുകൊണ്ട് ഒരു പങ്കാളി ജീവിച്ചിരിക്കുമ്പോൾ മറ്റൊരു വ്യക്തിയെ വിവാഹം കഴിച്ചാൽ അത് നിയമവിരുദ്ധമാണ്, വേദപുസ്തക വിരുദ്ധമാണ്, അത് വ്യഭിചാരമായി കണക്കാക്കപ്പെടും.

### ഗർഭച്ഛിദ്രം

ഇതും വചനവിരുദ്ധമായ ഒരു കാര്യമാണ്. അത് ഒഴിവാക്കേണ്ടതും നമ്മുടെ കടമയാണ്. ഗർഭം അവസാനിപ്പിക്കുന്നതിനെയാണ് ഗർഭച്ഛിദ്രം എന്ന് പറയുന്നത്. ഗർഭാവസ്ഥയിലെ ബുദ്ധിമുട്ടിനാൽ ഗർഭം അലസിപ്പോകുന്നത് സ്വാഭാവികമാണ്. എന്നാൽ ഗർഭം അവസാനിപ്പിക്കുന്നതിന് മാനുഷികമായ ഏതെങ്കിലും ബുദ്ധി ഉപയോഗിക്കുന്നത് ദൈവമുമ്പാകെ കുറ്റകരവും ശിക്ഷാർഹവുമാണ്. ഒരു ഭ്രൂണത്തിൽ ജീവിക്കാൻ അവകാശമുള്ള ഒരു മനുഷ്യജീവനുണ്ട്. എല്ലാ ജീവനും ദൈവത്തിൽ നിന്ന് വരുന്നതാണ്. അതിനാൽ അതിനെ തടസ്സപ്പെടുത്തുവാനോ ഇല്ലാതാക്കുവാനോ മനുഷ്യന് അനുവാദമില്ല. "യഹോവ തന്നെ ദൈവം എന്നറിവീൻ; അവൻ നമ്മെ ഉണ്ടാക്കി, നാം അവനുള്ളവർ ആകുന്നു; അവന്റെ ജനവും അവൻ മേയിക്കുന്ന ആടുകളും തന്നെ" (സങ്കീ. 100:3). മനുഷ്യജീവൻ ദൈവത്തിന് ഏറ്റവും വിലയേറിയതാണെന്നു ബൈബിളിൽ ഉടനീളം നാം കാണുന്നു. അതിനാൽ ആ ജീവനെ സംരക്ഷിക്കേണ്ട ചുമതല നമ്മിൽ നിക്ഷിപ്തമാണ്.

ഇന്നത്തെ സാഹചര്യത്തിൽ പ്രസക്തമായ വിവിധ വിഷയങ്ങൾ ധാർമ്മികതയുമായി ബന്ധപ്പെട്ടിട്ടുണ്ട്. ദൈവവചനം പാലിക്കുവാനും അത് ജീവിതത്തിൽ പ്രതിഫലിപ്പിക്കുവാനും ഒരു ക്രിസ്തീയ വിശ്വാസിക്ക് വളരെ ഉത്തരവാദിത്തം ഉണ്ട്. നാം ദൈവത്തിങ്കൽ നിന്നും പ്രാപിച്ച വെളിച്ചം ഈ അന്ധകാരലോകത്തിൽ പ്രദർശിപ്പിച്ചുകൊണ്ട് വളരെ ധാർമ്മിക മൂല്യമുള്ള ഒരു ജീവിതം നയിക്കുവാൻ ദൈവം നമ്മെക്കുറിച്ചും ആഗ്രഹിക്കുന്നു. ഈ ലോകത്തിൽ യേശുവാകുന്ന വിളക്ക് ഉയർത്തിനിറുത്തേണ്ടതാണ് ദൈവസഭ. ●

